# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **5459** — 06.07.2012-ൽ മറുപടിക്ക്

## മലപ്പുറം ജില്ലയിലെ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ഡോ.കെ.ടി.ജലീൽ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പദ്ധതിപ്രകാരം മലപ്പുറം ജില്ലയിൽ 2010-11 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ; | (എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) നടപ്പു സാമ്പത്തികവർഷം പ്രസ്തുത പദ്ധതിപ്രകാരം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം ; വ്യക്തമാക്കുമോ ; | (ബി) മേൽപ്പറഞ്ഞ കാര്യങ്ങളുടെ തുടർനടപടിയായി കുറേ കൂടി മെച്ചപ്പെട്ട രീതിയിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ മഞ്ചേരിയിൽ ഒരു ജില്ലാ ട്രെയിനിംഗ് സെന്റർ, ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിലെ ആദിവാസി വിഭാഗങ്ങൾക്കിടയിൽ കാണപ്പെടുന്ന സിക്കിൾസെൽ അനീമിയ രോഗ നിർമ്മാർജ്ജന പദ്ധതി, ജനനി സുരക്ഷാ കാര്യക്രമം തുടങ്ങിയ പുതിയ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) പ്രസ്തുത പദ്ധതിപ്രകാരം തവനൂർ മണ്ഡലത്തിൽ അനുമതി ലഭിച്ചതും ഇനി അനുമതി ലഭിക്കാനുള്ളതുമായ പദ്ധതികൾ ഏതെല്ലാം ; വിശദമാക്കുമോ ? | (സി) തവനൂർ നിയോജകമണ്ഡലത്തിൽ 6 പഞ്ചായത്തുകളിലെ 117 വാർഡുകൾക്ക് 10,000/-രൂപാ വീതം 11,70,000/-രൂപ വാർഡ് ഹെൽത്ത് സാനിറ്റേഷൻ ഫണ്ടായി അനുവദിക്കാറുണ്ട്. ജീവിത ശൈലീ രോഗനിയന്ത്രണ പരിപാടി ആരംഭിക്കുന്നതിനായി ഈ മണ്ഡലത്തിലെ മുഴുവൻ ആരോഗ്യസ്ഥാപനങ്ങൾക്കും പ്രത്യേകഫണ്ട് നൽകിയിട്ടുണ്ട്. വിദ്യാലയ ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ 12 സ്കൂളുകളിൽ ഓരോ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരെ ചുമതലപ്പെടുത്തി പ്രവർത്തിച്ചുവരുന്നു. തവനൂർ കേന്ദ്രീകരിച്ച് പോഷകാഹാര ബോധവൽക്കരണ പരിപാടി നടപ്പാക്കുകയും അതിനായി 10,000/-രൂപ അനുവദിക്കുകയും ചെയ്തു. കൂടാതെ മറ്റു വിവിധ ആരോഗ്യസ്ഥാപനങ്ങളിൽ NRHM മുഖേന 2 ഡോക്ടർമാർ, 12 സ്റ്റാഫ് നേഴ്സ്, 3 ഫാർമസിസ്റ്റ്, 1 ലാബ് ടെക്നീഷ്യൻ, 6 ജെ.പി.എച്ച്.നേഴ്സുമാർ എന്നിങ്ങനെ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## ആശ (ASHA)

ജില്ലയിലെ ആരോഗ്യ മേഖലയിലെ ഫീൽഡ് തല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് അംഗീകൃത സാമൂഹ്യ ആരോഗ്യപ്രവർത്തകരായ 3967 ആശ വോളണ്ടിയർമാർ പരിശീലനങ്ങൾക്ക് ശേഷം പ്രവർത്തിക്കുന്നുണ്ട്. ഇവർ വനിത - ശൈശവാരോഗ്യം, ശുചിത്വം, പ്രതിരോധ കുത്തിവയ്പുകൾ, പോഷകാഹാരം തുടങ്ങിയ മേഖലകളിലാണ് പ്രവർത്തിച്ചുവരുന്നത്. ഇത്തരവത്തിൽ ജില്ലയിൽ പ്രവർത്തിക്കുന്ന ആശവോളണ്ടിയർമാർക്ക് ഈ ഗവൺമെന്റിനു കീഴിൽ പ്രതിമാസം 500 രൂപവീതം ഓണറേറിയം നൽകി തുടങ്ങി.

## ജനനി സുരക്ഷാ യോജന (JSY)

മാതൃശിശു മരണനിരക്ക് കുറക്കുക, ആശുപത്രിയിൽവെച്ചുളള പ്രസവം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുളള ജനനി സുരക്ഷ പദ്ധതിക്കു കീഴിൽ ജില്ലയിൽ 3508 പേർക്ക് 23.80 ലക്ഷം രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്.

**ട്രൈബൽ ഹെൽത്ത്**

പട്ടികവർഗ്ഗ വിഭാഗത്തിന്റെ ആരോഗ്യ സുരക്ഷ മുന്നിൽ കണ്ടു കൊണ്ട് എൻ.ആർ.എച്ച്.എമ്മിനുകീഴിൽ ജില്ലയിലെ വിവിധ കോളനികളിൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. പെരിന്തൽമണ്ണ, വണ്ടൂർ, നിലമ്പൂർ, കൊണ്ടോട്ടി, ഏറനാട് എന്നീ മണ്ഡലങ്ങളിലായി 3 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി ട്രൈബൽ കോളനികളിൽ വിദഗ്ധ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം ഉപയോഗപ്പെടുത്തി സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു.

**വിദ്യാലയ ആരോഗ്യ പരിപാടി (SCHOOL HEALTH PROGRAMME)**

സ്കൂൾ വിദ്യാർത്ഥികളുടെ സമഗ്ര ആരോഗ്യ പരിപാലനം ലക്ഷ്യമാക്കി ജില്ലയിലെ മുഴുവൻ നിയോജക മണ്ഡലങ്ങളിലും ആരോഗ്യ പ്രവർത്തകയെ നിയമിച്ച് വിദ്യാലയ ആരോഗ്യ പരിപാടി സംഘടിപ്പിച്ച് വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജില്ലയിൽ സർവ്വീസ് ജെ.പി.എച്ച്.എൻ മാരുടെ സേവനം കൂടി ഉപയോഗപ്പെടുത്തി 108 വിദ്യാലയങ്ങളിൽ കൂടി പ്രവർത്തനം വ്യാപിപ്പിച്ചു. ഈ പദ്ധതിക്കു കീഴിൽ ഓരോ വിദ്യാർത്ഥിക്കും പ്രത്യേകം തയ്യാറാക്കിയ ആരോഗ്യ രേഖ(Health Card) നൽകുന്നുണ്ട്. കൂടാതെ മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകൾ, കൗൺസലിംഗ്, പ്രഥമ ശുശ്രൂഷ തുടങ്ങിയ സേവനങ്ങളും നൽകി വരുന്നു.

**സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (RSBY)**

പൊതുജനാരോഗ്യ രംഗത്ത് പാവപ്പെട്ട രോഗികൾക്കും കുടുംബങ്ങൾക്കും ആശ്വാസമായി സമഗ്ര ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ പദ്ധതി ജില്ലയിൽ ഏറനാട് (2), താനൂർ (1), പൊന്നാനി (1), വണ്ടൂർ (1), പെരിന്തൽമണ്ണ (1), കൊണ്ടോട്ടി (1), തവനൂർ (1), മഞ്ചേരി (1), തിരൂരങ്ങാടി (1), മലപ്പുറം (1), നിലമ്പൂർ (1), തിരൂർ (1) എന്നീ മണ്ഡലങ്ങളിലായി തിരഞ്ഞെടുത്ത 15 സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിക്കു കീഴിൽ സർക്കാർ ആശുപത്രികളിലൂടെ 27937 രോഗികൾക്ക് 8.71 കോടി രൂപയുടെ വിദഗ്ധ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്.

**വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ പദ്ധതി**

ജില്ലയിലെ 2043 വാർഡുകളിലെ ആരോഗ്യ പ്രശ്നങ്ങളിൽ പ്രാദേശിക തലത്തിൽ ഇടപെടുന്നതിനായി വാർഡ് മെംബർ ചെയർമാനും ആരോഗ്യ പ്രവർത്തകർ കൺവീനറുമായി വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ

കമ്മറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്കുകീഴിൽ ഓരോ മാസവും ആരോഗ്യ സംബന്ധമായ വിഷയങ്ങൾ ഉൾക്കൊള്ളിച്ച് പോഷണ ദിനങ്ങൾ സംഘടിപ്പിച്ച് വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജില്ലയിൽ 20328 പോഷണ ദിനങ്ങൾ സംഘടിപ്പിച്ചു. കൂടാതെ ആരോഗ്യ പദ്ധതി തയ്യാറാക്കൽ, കുടുംബതല സർവ്വെ, പരിസര ശുചീകരണം, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചിട്ടുണ്ട്.

**ആരോഗ്യ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ**

ആരോഗ്യ സ്ഥാപനങ്ങളെ പൊതുജനാരോഗ്യ നിലവാരത്തിലേക്കുയർത്തുന്നതിന്റെ ഭാഗമായി ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിലെ നിലമ്പൂർ താലൂക്ക് ആശുപത്രിയിൽ 52 ലക്ഷം രൂപ ചെലവഴിച്ച് നിർമിച്ച തീവ്ര പരിചരണ വിഭാഗവും 35 ലക്ഷം രൂപ ചെലവഴിച്ച് നിർമിച്ച വാർഡും 9 ലക്ഷം രൂപ ചെലവഴിച്ച് നവീകരിച്ച ഓപ്പറേഷൻ തിയേറ്ററും 2011 ഡിസംബർ 29 ന് ബഹു. ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ. അടൂർ പ്രകാശ് പൊതുജനങ്ങൾക്കായി സമർപ്പിച്ചു.

പെരിന്തൽമണ്ണ മണ്ഡലത്തിലെ പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയിൽ 15 ലക്ഷം രൂപ ചെലവഴിച്ച് പണികഴിപ്പിച്ച് ഓപ്പറേഷൻ തിയേറ്റർ 2011 നവംബർ 29 ന് പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു. കൂടതെ 35 ലക്ഷം രൂപ ചെലവിൽ പുതിയ ഒ. പി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

വാഹനാപകടങ്ങളിലും മറ്റും സാരമായ പരിക്കേൽക്കുന്നവർക്ക് അടിയന്തിര വൈദ്യസഹായം ലഭ്യമാക്കുന്നതിനുവേണ്ടി കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം സി. എച്ച്. സിയോടനുബന്ധിച്ച് 9 ലക്ഷം രൂപ ചെലവഴിച്ച് നിർമിക്കുന്ന ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണം പൂർത്തിയായി.

**ആയുഷ് പദ്ധതി (AYUSH)**

ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി വിഭാഗങ്ങളുടെ ശാക്തീകരണത്തിന്റെ ഭാഗമായി എൻ.ആർ. എച്ച്. എമ്മിനു കീഴിൽ താഴെ കൊടുത്ത പ്രകാരം 25 ആയുർവേദ ഡിസ്പെൻസറികളും 28 ഹോമിയോ ഡിസ്പെൻസറികളും 6 യുനാനി ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ട്. ഇതിലേക്കാവശ്യമായ ഡോക്ടർമാരുടെ സേവനം എൻ. ആർ. എച്ച്. എം നൽകി വരുന്നു.

| ക്രമ നം. | നിയോജക മണ്ഡലം | ആയുർവ്വേദം | ഹോമിയോ | യുനാനി |
|---|---|---|---|---|
| 1 | കൊണ്ടോട്ടി | 3 | 3 | 1 |
| 2 | ഏറനാട് | 1 | 1 | 0 |
| 3 | നിലമ്പൂർ | 2 | 1 | 0 |
| 4 | വണ്ടൂർ | 1 | 0 | 1 |
| 5 | മഞ്ചേരി | 1 | 1 | 1 |
| 6 | പെരിന്തൽമണ്ണ | 4 | 1 | 0 |
| 7 | മങ്കട | 1 | 5 | 0 |
| 8 | മലപ്പുറം | 1 | 1 | 0 |
| 9 | വേങ്ങര | 1 | 0 | 0 |
| 10 | വള്ളിക്കുന്ന് | 2 | 2 | 0 |

| | | | | |
|---|---|---|---|---|
| 11 | തിരൂരങ്ങാടി | 1 | 0 | 0 |
| 12 | താനൂർ | 0 | 1 | 1 |
| 13 | തിരൂർ | 3 | 3 | 1 |
| 14 | കോട്ടക്കൽ | 3 | 5 | 1 |
| 15 | തവനൂർ | 2 | 2 | 0 |
| 16 | പൊന്നാനി | 2 | 2 | 0 |

**ജീവിത ശൈലീ രോഗ നിയന്ത്രണ പരിപാടി**

ജീവിത ശൈലീ രോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി ജില്ലയിലെ മുഴുവൻ നിയോജക മണ്ഡലങ്ങളിലെയും സബ്സെന്ററുകളും മെയിൻ സെന്ററുകളും കേന്ദ്രീകരിച്ച് സൗജന്യ പ്രമേഹ-രക്ത സമ്മർദ്ദ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ച് രോഗികൾക്ക് മരുന്നുകളും തുടർചികിത്സയും ലഭ്യമാക്കി വരുന്നു.

**ആരോഗ്യ സ്ഥാപനങ്ങൾക്ക് പ്രത്യേക ഫണ്ടുകൾ**

ആരോഗ്യസ്ഥാപനങ്ങളുടെ ഉന്നമനത്തിനും കെട്ടിട പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി വിവിധയിനം ഫണ്ടുകൾ എൻ.ആർ.എച്ച്.എം നൽകി വരുന്നുണ്ട്. ആരോഗ്യ സ്ഥാപനങ്ങളുടെ മാനേജ്മന്റ് സമിതി ഫണ്ട്, വാർഷിക മെയിന്റനൻസ് ഗ്രാന്റ്, സ്വതന്ത്ര വിനിയോഗ ഫണ്ട്, വാർഡു തല ആരോഗ്യ ശുചിത്വ പോഷണ സമിതി ഫണ്ട് തുടങ്ങിയവയാണ് വിവിധ ഫണ്ടുകൾ. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജില്ലയിലെ ഗ്രാമീണ ആരോഗ്യ സേവനങ്ങൾ മെച്ചപെടുത്തുന്നതിനായി ആരോഗ്യ സ്ഥാപനങ്ങൾക്ക് മണ്ഡലാടിസ്ഥാനത്തിൽ നൽകിയ ഫണ്ടുകളുടെ വിവരങ്ങൾ താഴെ നൽകുന്നു.

| ക്രമ നം. | നിയോജക മണ്ഡലം | നൽകിയ ഫണ്ട് |
|---|---|---|
| 1 | കൊണ്ടോട്ടി | 45,65,820.00 |
| 2 | ഏറനാട് | 42,54,375.00 |
| 3 | നിലമ്പൂർ | 68,15,130.00 |
| 4 | വണ്ടൂർ | 35,09,475.00 |
| 5 | മഞ്ചേരി | 43,40,092.00 |
| 6 | പെരിന്തൽമണ്ണ | 43,79,470.00 |
| 7 | മങ്കട | 32,09,595.00 |
| 8 | മലപ്പുറം | 41,57,760.00 |
| 9 | വേങ്ങര | 22,78,830.00 |
| 10 | വള്ളിക്കുന്ന് | 31,64,380.00 |
| 11 | തിരൂരങ്ങാടി | 35,02,398.00 |
| 12 | താനൂർ | 34,32,980.00 |
| 13 | തിരൂർ | 53,44,622.00 |

| | | |
|---|---|---|
| 14 | കോട്ടക്കൽ | 37,37,830.00 |
| 15 | തവനൂർ | 57,61,282.00 |
| 16 | പൊന്നാനി | 47,82,855.00 |

### ആരോഗ്യകേരളം പരിരക്ഷ പാലിയേറ്റീവ് കെയർ പദ്ധതി

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ മറ്റു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുമായി സംയോജിപ്പിച്ച് എൻ.ആർ.എച്ച്.എം പദ്ധതിയുടെ സഹകരണത്തോടെ ജില്ലയിൽ നടപ്പിലാക്കി വരുന്ന സാന്ത്വന ശുശ്രൂഷ പദ്ധതിയാണ് ആരോഗ്യകേരളം പരിരക്ഷ പാലിയേറ്റീവ് കെയർ. ഈ പദ്ധതിയുടെ കീഴിൽ ജില്ലയിലെ 16 നിയോജക മണ്ഡലങ്ങളിലും (100 ഗ്രാമപഞ്ചായത്തുകളിലും 7 മുനിസിപ്പാലിറ്റികളിലും) പ്രവർത്തനങ്ങൾ നടത്തി വരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പാലിയേറ്റീവ് കെയർ പദ്ധതിയിലൂടെ 38027 രോഗികൾക്ക് ഹോം കെയർ സേവനവും 68920 രോഗികൾക്ക് പാലിയേറ്റീവ് ഒ.പി സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

### അധിക മനുഷ്യ വിഭവ ശേഷി ലഭ്യമാക്കൽ

മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടി ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം പദ്ധതിക്കു കീഴിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജില്ലയിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലായി മെഡിക്കൽ, പാരാമെഡിക്കൽ, നഴ്സിങ്ങ് വിഭാഗങ്ങളിലായി 550നു മുകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. എൻ. ആർ. എച്ച്. എമ്മിനു കീഴിൽ അധികമായി ജീവനക്കാരെ നിയമിച്ചതിലൂടെ ആരോഗ്യ രംഗത്തെ വിവിധ മേഖലകളിൽ (പ്രതിരോധ കുത്തിവെയ്പ്പ്, ആരോഗ്യ വിദ്യാഭ്യാസം, ആശുപത്രികളിലെ ഒ.പി/ഐ.പി, ഫാർമസി, ലബോറട്ടറി സേവനങ്ങൾ) അനുകൂലമായ പുരോഗതി കണ്ട് വരുന്നുണ്ട്.

| ക്രമ നം. | നിയോജക മണ്ഡലം | ഡോക്ടർ | സ്റ്റാഫ് നഴ്സ് | ലാബ് ടെക്നീഷ്യൻ | ഫാർമസിസ്റ്റ് | എക്സറേ ടെക്നീഷ്യൻ | ജെ.പി.എച്ച്.എൻ |
|---|---|---|---|---|---|---|---|
| 1 | കൊണ്ടോട്ടി | 6 | 6 | 2 | 4 | 0 | 6 |
| 2 | ഏറനാട് | 2 | 6 | 2 | 3 | 0 | 7 |
| 3 | നിലമ്പൂർ | 5 | 7 | 3 | 3 | 1 | 4 |
| 4 | വണ്ടൂർ | 4 | 5 | 0 | 1 | 1 | 5 |
| 5 | മഞ്ചേരി | 2 | 29 | 5 | 5 | 3 | 13 |
| 6 | പെരിന്തൽമണ്ണ | 5 | 10 | 2 | 4 | 1 | 6 |
| 7 | മങ്കട | 4 | 5 | 1 | 1 | 0 | 7 |
| 8 | മലപ്പുറം | 3 | 8 | 2 | 5 | 1 | 10 |
| 9 | വേങ്ങര | 5 | 5 | 1 | 1 | 0 | 6 |
| 10 | വള്ളിക്കുന്ന് | 1 | 0 | 1 | 0 | 0 | 4 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | തിരൂരങ്ങാടി | 5 | 18 | 3 | 1 | 2 | 6 |
| 12 | താനൂർ | 2 | 3 | 1 | 1 | 0 | 7 |
| 13 | തിരൂർ | 6 | 13 | 5 | 2 | 3 | 9 |
| 14 | കോട്ടക്കൽ | 2 | 3 | 3 | 1 | 0 | 8 |
| 15 | തവനൂർ | 6 | 9 | 3 | 3 | 0 | 5 |
| 16 | പൊന്നാനി | 2 | 3 | 2 | 2 | 2 | 11 |

**പെരുമാറ്റ വ്യതിയാന ആശയവിനിമയ പദ്ധതി**

പ്രാദേശിക സാഹചര്യങ്ങൾക്കും പ്രശ്നങ്ങൾക്കും അനുസൃതമായി അച്ചടി-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും നേരിട്ടുള്ള ഇടപെടലിലൂടെയും പൊതുജനങ്ങളിൽ അനുകൂല ആരോഗ്യ ശീലങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിനായുള്ള ബോധവൽക്കരണ പദ്ധതിയാണ് പെരുമാറ്റ വ്യതിയാന ആശയവിനിമയ പദ്ധതി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ, കുട്ടികളിലും അമ്മമാരിലും കാണുന്ന പോഷകാഹാര കുറവ് പരിഹരിക്കുന്നതിനായി 16 നിയോജക മണ്ഡലങ്ങളിലുമായി 4.17 ലക്ഷം രൂപ ചെലവഴിച്ച് പ്രത്യേക ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. അഞ്ച് വയസ്സ് താഴെ പ്രായമുള്ള കുട്ടികൾക്കിടയിൽ പ്രതിരോധ കുത്തി വെയ്പ്പ് ശാക്തീകരണത്തിനായി 7 ലക്ഷം രൂപ ചെലവഴിച്ച് വിവിധ ഐ. ഇ. സി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും അതിലൂടെ ജില്ലയിലെ പ്രതിരോധ കുത്തിവെയ്പ്പിൻെറ തോത് വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

**ജെൻഡർ ബേസ്ഡ് വയലൻസ് മാനേജ്മന്റ് സെന്റർ (ഭൂമിക)**

ആരോഗ്യവകുപ്പിന്റേയും എൻ.ആർ.എച്ച്.എമ്മിന്റേയും സംയുക്ത സംരംഭമായ 'ഭൂമിക' മഞ്ചേരി നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന മഞ്ചേരി ഗവ: ജനറൽ ആശുപത്രി കേന്ദ്രമാക്കി ജില്ലയിലെ മുഴുവൻ നിയോജക മണ്ഡലങ്ങളിലും പ്രവർത്തിച്ച് വരുന്നു. ശാരീരികവും മാനസികവും ലൈംഗികവുമായ പീഡനങ്ങൾക്ക് ഇരയാവുന്ന സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി കൗൺസലിംഗ്, സൗജന്യ നിയമ സഹായം, ഷെൽട്ടർ ഹോം, വൈദ്യ പരിശോധന, പോലീസ് സംരക്ഷണം എന്നീ കാര്യങ്ങൾ സാമൂഹിക ക്ഷേമ വകുപ്പ്, ലീഗൽ സർവീസസ് അതോറിറ്റി, പോലീസ് ഡിപ്പാർട്ട്മന്റ്, ആരോഗ്യവകുപ്പ് എന്നിവയുടെ സംയുക്ത പ്രവർത്തനത്തിലൂടെ നൽകി വരുന്നു. ഗാർഹിക പീഡനത്തിന്റെ പരിധിയിൽ വരുന്ന കേസുകൾക്കും 'ഭൂമിക' വഴി സഹായങ്ങൾ ലഭ്യമാക്കുന്നു.

**ഫാമിലി പോളിക്ലിനിക്ക്**

ജില്ലയിൽ വണ്ടൂർ നിയോജക മണ്ഡലത്തിലെ വണ്ടൂർ സി.എച്ച്.സിയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തി ആഴ്ച്ചയിൽ രണ്ട് ദിവസം ഫാമിലി പോളിക്ലിനിക്ക് സംഘടിപ്പിച്ച് വരുന്നു.